**മധുരമായ കുട്ടികളേ– ആത്മാവാകുന്ന ബാറ്ററി 84 മോട്ടറുകളിൽ പ്രവർത്തിച്ചതിനാൽ ഡള്ളായിരിക്കുന്നു, ഇപ്പോൾ അതിനെ ഓർമ്മയുടെ യാത്രയിലൂടെ സമ്പന്നമാക്കണം.**

**ചോദ്യം:–** ബാബ ഏത് കുട്ടികളെയാണ് വളരെ വളരെ ഭാഗ്യശാലികളെന്ന് കരുതുന്നത്?
**ഉത്തരം:–** ആർക്കാണോ ഒരു കെട്ടുമില്ലാത്തത്, ആരാണോ നിർബന്ധനം, ഇങ്ങനെയുള്ള കുട്ടികളെക്കുറിച്ച് ബാബ മനസ്സിലാക്കുന്നു, നിങ്ങൾ വളരെ വളരെ ഭാഗ്യശാലികളാണ്, നിങ്ങൾക്ക് ഓർമ്മയിൽ ഇരുന്ന് തന്റെ ബാറ്ററിയെ ഫുൾ ചാർജ് ചെയ്യാൻ സാധിക്കും. അഥവാ യോഗമില്ലാതെ ജ്ഞാനം കേൾപ്പിക്കുക മാത്രമാണ് ചെയ്യുന്നതെങ്കിൽ ലക്ഷ്യത്തിലെത്തില്ല. ആര് എത്ര ഗംഭീരമായി തന്റെ അനുഭവം കേൾപ്പിച്ചാലും സ്വയം തന്നിൽ ധാരണയില്ലെങ്കിൽ ഉള്ള് കാർന്നുകൊണ്ടിരിക്കും.

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികളെ പ്രതി ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരുകയാണ്. ആത്മീയ അച്ഛന്റെ പേര് എന്താണ്? ശിവബാബ. ബാബ തന്നെയാണ് ഭഗവാൻ, പരിധിയില്ലാത്ത അച്ഛൻ. മനുഷ്യരെ ഒരിയ്ക്കലും പരിധിയില്ലാത്ത അച്ഛൻ അഥവാ ഈശ്വരൻ എന്നോ ഭഗവാൻ എന്നോ പറയില്ല. ഒരുപാടുപേർക്ക് ശിവൻ എന്ന് പേരുണ്ട് എന്നാൽ എല്ലാവരും ദേഹധാരികളാണ് അതിനാൽ അവരെ ഭഗവാൻ എന്ന് പറയാൻ കഴിയില്ല. ഇത് ബാബയാണ് കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. ഞാൻ ആരിലാണോ പ്രവേശിച്ചിരിക്കുന്നത്, അവരുടെ വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മമാണിത്. നിങ്ങൾ കുട്ടികളോട് ചിലർ ചോദിക്കാറുണ്ട് – നിങ്ങൾ ഇവരെ ഭഗവാൻ എന്ന് എന്തുകൊണ്ടാണ് പറയുന്നത്? ബാബ ആദ്യം തന്നെ മനസ്സിലാക്കിത്തരുന്നു– സ്ഥൂലത്തിലോ സൂക്ഷ്മത്തിലോ ഉള്ള ദേഹധാരികളെ ഭഗവാൻ എന്ന് പറയാൻ കഴിയില്ല. സൂക്ഷ്മ ദേഹധാരി സൂക്ഷ്മവതനവാസിയാണ്. അവരെ ദേവത എന്നാണ് പറയുന്നത്. ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, പരമപിതാവാണ്. ഉയർന്നതിലും ഉയർന്ന നാമമാണ്, ഉയർന്നതാണ് അവരുടെ ദേശം. ബാബ മുഴുവൻ ആത്മാക്കളോടൊപ്പം അവിടെ വസിക്കുന്നു. സ്ഥാനവും ഉയർന്നതാണ്. വാസ്തവത്തിൽ അവിടെ ഇരിക്കാനുള്ള സ്ഥലമൊന്നുമില്ല. എന്താ നക്ഷത്രങ്ങൾ എവിടെയെങ്കിലും ഇരിക്കുന്നുണ്ടോ? നിൽക്കുകയല്ലേ അതുപോലെയാണ്. നിങ്ങൾ ആത്മാക്കളും നിങ്ങളുടെ ശക്തികൊണ്ട് അവിടെ നിൽക്കുകയാണ്. അവിടെ ചെന്ന് നിൽക്കാനുള്ളത്രയും ശക്തി ലഭിക്കുന്നു. ബാബയുടെ പേരുതന്നെ സർവ്വശക്തിവാൻ എന്നാണ്, ആ ബാബയിൽ നിന്നും ശക്തി ലഭിക്കുന്നു. ആത്മാവ് ബാബയെ ഓർമ്മിക്കുമ്പോൾ ബാറ്ററി ചാർജ് ആവുന്നു. മോട്ടറിൽ ബാറ്ററി ഉണ്ടാകുമല്ലോ, അതിന്റെ ശക്തികൊണ്ടാണ് മോട്ടർ വർക്ക് ചെയ്യുന്നത്. ബാറ്ററിയിൽ കറന്റ് ഉണ്ടാകും പതുക്കെ പതുക്കെ അത് പ്രവർത്തിക്കുന്നതിന് അനുസരിച്ച് കറന്റ് കാലിയാവും പിന്നീട് ബാറ്ററി മെയിൻ പവറിൽ നിന്നും ചാർജ് ചെയ്ത് വീണ്ടും മോട്ടർ പ്രവർത്തിപ്പിക്കുന്നു. അത് പരിധിയുള്ള കാര്യങ്ങളാണ്. ഇത് പരിധിയില്ലാത്ത കാര്യമാണ്. നിങ്ങളുടെ ബാറ്ററി 5000 വർഷം പ്രവർത്തിക്കുന്നു. പ്രവർത്തിച്ച് പ്രവർത്തിച്ച് പിന്നീട് ക്ഷമത നഷ്ടമാകുന്നു. അറിയാൻ കഴിയും– പൂർണ്ണമായും കാലിയാവുന്നില്ല, കുറച്ച് എന്തെങ്കിലും ബാക്കിയുണ്ടാകും. ചാർജ് മങ്ങാറുണ്ടല്ലോ അതുപോലെ. ആത്മാവ് ഈ ശരീരത്തിന്റെ ബാറ്ററിയാണ്. ഇതും മങ്ങാറുണ്ട്. ബാറ്ററി ഈ ശരീരത്തിൽ നിന്നും പുറത്ത് വരാറുമുണ്ട് പിന്നീട് രണ്ടാമത്തെ, മൂന്നാമത്തെ മോട്ടറുകളിൽ ചെന്നിരിക്കും. 84 മോട്ടറുകളിൽ ഇടുന്നു അതിനാൽ ബാബ പറയുന്നു ഇപ്പോൾ നിങ്ങൾ എത്ര മന്ദബുദ്ധിയും കല്ലുബുദ്ധിയുമായി മാറിയിരിക്കുന്നു. ഇപ്പോൾ വീണ്ടും തന്റെ ബാറ്ററിയെ നിറയ്ക്കൂ. ബാബയുടെ ഓർമ്മയില്ലാതെ ആത്മാവിന് ഒരിയ്ക്കലും പവിത്രമാകാൻ സാധിക്കില്ല. സർവ്വശക്തിവാനായ ഒരേയൊരു ബാബയേ ഉള്ളൂ, ആ ബാബയുമായാണ് യോഗം വയ്ക്കേണ്ടത്. ബാബ സ്വയം തന്റെ പരിചയം നൽകുന്നു ഞാൻ എന്താണ്, എങ്ങനെയാണ്. എങ്ങനെയാണ് നിങ്ങളുടെ ബാറ്ററി ഡള്ളാവുന്നത്. ഇപ്പോൾ നിങ്ങൾക്ക് വഴി പറഞ്ഞുതരുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ ബാറ്ററി സതോപ്രധാനവും ഒന്നാന്തരവുമായി മാറും. പവിത്രമായി മാറുന്നതിലൂടെ ആത്മാവ് 24 ക്യാരറ്റായി മാറുന്നു. ഇപ്പോൾ നിങ്ങൾ ദുർബലരായി മാറുയിരിക്കുന്നു. ശക്തി പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. ആ ശോഭയില്ല. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് കുട്ടികളേ മുഖ്യമായ കാര്യം ഓർമ്മയിൽ ഇരിക്കുക, പവിത്രമായി മാറുക എന്നതാണ്. ഇല്ലെങ്കിൽ ബാറ്ററി നിറയില്ല. യോഗം ഉണ്ടാകില്ല. മിഥ്യാജ്ഞാനികൾ ഒരുപാടുണ്ട്. ജ്ഞാനം നന്നായി നൽകും എന്നാൽ ആ അവസ്ഥയുണ്ടായിരിക്കില്ല. ഇവിടെ വളരെ ഗംഭീരമായി അനുഭവം കേൾപ്പിക്കും. ഉള്ളിന്റെയുള്ള് കാർന്നുകൊണ്ടിരിക്കും. ഞാൻ എങ്ങനെ വർണ്ണിക്കുന്നുവോ ആ അവസ്ഥയില്ല. ചില യോഗികളായ കുട്ടികളും ഉണ്ട്. ബാബ കുട്ടികളുടെ വളരെ അധികം മഹിമ ചെയ്യുന്നു. ബാബ പറയുന്നു– കുട്ടികളേ, നിങ്ങൾ വളരെ വളരെ ഭാഗ്യശാലികളാണ്. നിങ്ങൾക്ക് ഒരു കെട്ടുമില്ല. ആർക്കാണോ കൂടുതൽ കുട്ടികളുള്ളത് അവർക്ക് ബന്ധനവും ഉണ്ടാകും. ബാബയ്ക്ക് എത്ര അധികം കുട്ടികളാണ്. എല്ലാവരേയും

പാലിക്കുകയും സംരക്ഷിക്കുകയും ചെയ്യണമല്ലോ. ബാബയേയും ഓർമ്മിക്കണം. പ്രിയതമന്റെ ഓർമ്മ പൂർണ്ണമായും പക്കയായിരിക്കണം. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ അല്ലയോ ഭഗവാനേ എന്നു പറഞ്ഞ് ബാബയെ എത്ര ഓർമ്മിച്ചിരുന്നു, പൂജയും ആദ്യമാദ്യം ശിവബാബയുടേതാണ് ചെയ്തത്. ആദ്യം നിരാകാരനായ ഭഗവന്റേതാണ് ചെയ്തത്. ആ സമയത്ത് നിങ്ങൾ ആത്മാഭിമാനിയായി മാറുന്നു എന്നില്ല. ആത്മാഭിമാനി പിന്നീട് പൂജ ചെയ്യുമോ.

ബാബ മനസ്സിലാക്കിത്തരുന്നു ആദ്യമാദ്യം ഭക്തി ആരംഭിക്കുമ്പോൾ ആദ്യം ഒരു ബാബയുടെ പൂജയാണ് ചെയ്തത്. ഒരേയൊരു ശിവന്റെ പൂജയാണ് ചെയ്തത്. എങ്ങനെയാണോ രാജാവും റാണിയും അതു പോലെ തന്നെ പ്രജയും. ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, ആ ഭഗവാനെയാണ് ഓർമ്മിക്കേണ്ടത്. ബാക്കി ആരെല്ലാമുണ്ടോ അവരെല്ലാം താഴെയാണ്– ബ്രഹ്മാ– വിഷ്ണു– ശങ്കരന്മാരെയും ഓർമ്മിക്കേണ്ട ആവശ്യമില്ല. ഉയർന്നതിലും ഉയർന്ന ബാബയെത്തന്നെയാണ് ഓർമ്മിക്കേണ്ടത്. പക്ഷേ ഡ്രാമയുടെ പാർട്ട് ഇങ്ങനെയാണ് അതിൽ നിങ്ങൾ താഴെ ഇറങ്ങുന്നതിൽ ബന്ധിതരാണ്. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ എങ്ങനെയാണ് താഴേയ്ക്ക് ഇറങ്ങിയത്. എല്ലാ കാര്യങ്ങളും ആദി മുതൽ അന്ത്യം വരെ മുകളിൽ നിന്നും താഴെ വരേയ്ക്കും ബാബ മനസ്സിലാക്കിത്തരുന്നു. ഭക്തിയും ആദ്യം സതോപ്രധാനവും പിന്നീട് സതോ–രജോ–തമോയും ആയിമാറുന്നു. ഇപ്പോൾ വീണ്ടും നിങ്ങൾ സതോപ്രധാനമായി മാറുകയാണ്, ഇതിലാണ് പരിശ്രമം. പവിത്രമായി മാറണം. സ്വയം തന്നെ നോക്കണം, മായ എവിടെയും എന്നെ ചതിക്കുന്നില്ലല്ലോ? എന്റെ ദൃഷ്ടി ക്രിമിനലാകുന്നില്ലല്ലോ? പാപത്തിന്റെ ഒരു ചിന്തയും ഉണ്ടാകുന്നില്ലല്ലോ? പ്രജാപിതാ ബ്രഹ്മാവ് എന്ന് മഹിമ പാടുന്നുണ്ട് അപ്പോൾ ബ്രഹ്മാവിന്റെ മക്കൾ ബ്രാഹ്മണ ബ്രാഹ്മിണിമാർ പരസ്പരം സഹോദരീ സഹോദരന്മാരല്ലേ. ലോകത്തിലുള്ള ബ്രാഹ്മണരും സ്വയം ബ്രഹ്മാവിന്റെ കുട്ടികളാണ് എന്ന് കരുതുന്നു. നിങ്ങൾ ബ്രാഹ്മണരും സഹോദരീ സഹോദരങ്ങളല്ലേ. പിന്നീട് വികാരീ ദൃഷ്ടി എന്തുകൊണ്ടാണ് ഉണ്ടാകുന്നത്. ബ്രാഹ്മണർക്ക് നല്ലരീതിയിൽ ദൃഷ്ടി നൽകാൻ നിങ്ങൾക്ക് സാധിക്കും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ ബ്രഹ്മാവിന്റെ സന്താനങ്ങൾ ബ്രാഹ്മണ ബ്രാഹ്മിണിമാരായി മാറി പിന്നീട് ദേവതയാവുന്നു. ബാബ വന്ന് ബ്രാഹ്മണരുടേയും ദേവീദേവതകളുടേയും ധർമ്മം സ്ഥാപിച്ചു എന്നും പറയാറുണ്ട്. ഇത് മനസ്സിലാക്കേണ്ട കാര്യമല്ലേ. നമ്മൾ ബ്രഹ്മാവിന്റെ സന്താനങ്ങൾ സഹോദരീ സഹോദരങ്ങളാണ് എങ്കിൽ ഒരിയ്ക്കലും കുദൃഷ്ടി ഉണ്ടാവാൻ പാടില്ല. അതിനെ തടയണം. ഇതും നമ്മുടെ മധുരമായ സഹോദരിയാണ്. ആ സ്നേഹം ഉണ്ടാകണം. എങ്ങനെയാണോ രക്തബന്ധത്തിൽ സ്നേഹമുണ്ടാകുന്നത്, അത് മാറി ആത്മീയമാകണം. ഇതിൽ വളരെ വളരെ പരിശ്രമമുണ്ട്. എങ്കിലും സഹജമായ ഓർമ്മയാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. വികാരത്തിന്റെ ദൃഷ്ടി വെയ്ക്കാൻ കഴിയില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– ഈ കണ്ണുകൾ വളരെ അധികം ചതിക്കുന്നതാണ്, അതിനെ മാറ്റണം. ഞാൻ ആത്മാവാണ്. ഇപ്പോൾ നമ്മൾ ശിവബാബയുടെ കുട്ടികളാണ്. ദത്തെടുക്കപ്പെട്ട സഹോദരീ സഹോദരങ്ങളാണ്. നാം നമ്മെ ബി. കെ എന്നാണ് വിളിക്കുന്നത്. പെരുമാറ്റത്തിൽ വ്യത്യാസം ഉണ്ടാകുമല്ലോ. ടീച്ചറുടെ ജോലിയാണ് ക്ലാസിൽ എല്ലാവരോടും ചോദിക്കുക– നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ നമ്മുടേത് സഹോദരീ സഹോദരൻ എന്ന ദൃഷ്ടിയാണോ അതോ എന്തെങ്കിലും ചഞ്ചലതയുണ്ടോ? സത്യമായ ബാബയോട് സത്യം പറയുന്നില്ല, കള്ളം പറയുകയാണെങ്കിൽ വളരെ അധികം ശിക്ഷ ലഭിക്കും. കോടതിയിൽ സത്യം ചെയ്യിക്കാറുണ്ടല്ലോ. സത്യമായ ഈശ്വരന്റെ അഥവാ പിതാവിന്റെ മുന്നിൽ സത്യം പറയും. സത്യമായ അച്ഛന്റെ കുട്ടികളും സത്യമായിരിക്കും. ബാബ സത്യമല്ലേ. ബാബ സത്യം തന്നെയാണ് പറയുന്നത്. ബാക്കിയെല്ലാം പൊങ്ങച്ചമാണ്. ശ്രീ ശ്രീ 108 എന്ന് സ്വയം പറയുന്നു, വാസ്തവത്തിൽ അത് ഓർമ്മിക്കുന്ന ഒരു മാലയല്ലേ. നമ്മൾ എന്തിനാണ് ഓർമ്മിക്കുന്നത് എന്നതും അറിയില്ല. ബൗദ്ധികളുടേയും മാലയുണ്ട്, ക്രിസ്ത്യൻസിന്റേയും മാലയുണ്ട്. എല്ലാവരും അവരവരുടെ സമ്പ്രദായം അനുസരിച്ച് മാല കറക്കുന്നു. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ജ്ഞാനം ലഭിച്ചിട്ടുണ്ട്. പറയൂ, 108 ന്റെ മാലയിലെ മുകളിലുള്ള പൂവ് നിരാകാരനാണ്. അവരെയാണ് എല്ലാവരും ഓർമ്മിക്കുന്നത്. അവരുടെ ഓർമ്മയിലൂടെ തന്നെയാണ് നമ്മൾ സ്വർഗ്ഗത്തിലെ പട്ടറാണി അഥവാ മഹാറാണിയായി മാറുന്നത്. നരനിൽ നിന്നും നാരായണനാവുക, നാരിയിൽ നിന്നും ലക്ഷ്മിയാവുക– ഇതാണ് സൂര്യവംശത്തിലെ പട്ടുവസ്ത്രം ധരിച്ച പട്ടറാണിയാവൽ പിന്നീട് ഖാദി ധരിച്ചവരായി മാറുന്നു. അതിനാൽ ഇങ്ങനെ ഇങ്ങനെയുള്ള പോയന്റ്സ് ബുദ്ധിയിൽ വെച്ച് പിന്നീട് മനസ്സിലാക്കിക്കൊടുക്കണം. പിന്നീട് നിങ്ങളുടെ പേര് വളരെ പ്രശസ്തമാകും. കാര്യങ്ങൾ സംസാരിക്കുന്നതിൽ സിംഹിണിയായി മാറൂ. നിങ്ങൾ ശിവശക്തി സേനകളല്ലേ. അനേക പ്രകാരത്തിലുള്ള സേനകളുണ്ടല്ലോ. നിങ്ങൾ അവിടെയും പോയി എന്താണ് പഠിപ്പിക്കുന്നത് എന്ന് നോക്കൂ. ലക്ഷക്കണക്കിന് മനുഷ്യർ പോകുന്നുണ്ടല്ലോ. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– ക്രിമിനൽ ദൃഷ്ടി വളരെ അധികം ചതിക്കുന്നതാണ്. തന്റെ അവസ്ഥയുടെ വർണ്ണന നടത്തണം. അനുഭവം കേൾപ്പിക്കണം– ഞങ്ങൾ വീട്ടിൽ എങ്ങനെയാണ് കഴിയുന്നത്? അവസ്ഥയുടെ മേൽ എന്ത്

പ്രഭാവമാണ് ഉണ്ടാകുന്നത്? ഡയറി വെയ്ക്കൂ- എത്ര സമയം ഈ അവസ്ഥയിൽ ഇരിക്കാൻ കഴിയുന്നുണ്ട്? ബാബ മനസ്സിലാക്കിത്തരുന്നു സമർത്ഥരോട് മായയും സമർത്ഥമായാണ് യുദ്ധം ചെയ്യുന്നത്. യുദ്ധത്തിന്റെ മൈതാനമല്ലേ. മായ വളരെ ബലശാലിയാണ്. മായ അർത്ഥം 5 വികാരം. ധനത്തെ സമ്പത്ത് എന്നാണ് പറയുന്നത്, ആരുടെ പക്കൽ വളരെ അധികം സമ്പത്തുണ്ടോ അവർ തന്നെയാണ് അജാമിലനായും മാറുന്നത്.

ബാബ പറയുന്നു- ആദ്യമാദ്യം നിങ്ങൾ വേശ്യകൾക്ക് മനസ്സിലാക്കിക്കൊടുക്കൂ. എങ്കിൽ അവർ തന്റെ അസോസിയേഷൻ ഉണ്ടാക്കും. നമുക്ക് ബാബയിൽ നിന്നും സമ്പത്ത് എടുക്കണം. ബാബ പറയുന്നു ഞാൻ നിങ്ങളെ ശിവാലയത്തിന്റെ അധികാരിയാക്കി മാറ്റാൻ വന്നതാണ്. ഇത് അന്തിമ ജന്മമാണ്. വേശ്യകൾക്ക് മനസ്സിലാക്കിക്കൊടുക്കണം- നിങ്ങളുടെ പേര് കാരണം ഭാരതത്തിന്റെ അഭിമാനം നഷ്ടപ്പെട്ടു. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് ശിവാലയത്തിലേയ്ക്ക് കൊണ്ടുപോകാൻ. ഞങ്ങൾ ശ്രീമതം അനുസരിച്ച് നിങ്ങളുടെ പക്കലേയ്ക്ക് വന്നതാണ്. ഇപ്പോൾ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറൂ. ഞങ്ങളെപ്പോലെ, ഭാരതത്തിന്റെ പേരിനെ പ്രശസ്തമാക്കൂ. ഞങ്ങളും ബാബയെ ഓർമ്മിക്കുന്നതിലൂടെ പവിത്രമായി മാറുകയാണ്. നിങ്ങൾ ഈ ഒരു ജന്മത്തിലേയ്ക്ക് ഈ മോശമായ ജോലി ഉപേക്ഷിക്കൂ. ദയ കാണിക്കണമല്ലോ. പിന്നീട് നിങ്ങളുടെ പേര് പ്രശസ്തമാകും. പറയും ഇവരിൽ ഇത്രയും ശക്തിയുണ്ട് ഇത്രയും മോശമായ ജോലി ചെയ്തിരുന്നവരെപ്പോലും അവർ മോചിപ്പിച്ചു. എല്ലാവർക്കും അസോസിയേഷനുണ്ട്. നിങ്ങൾക്കും നിങ്ങളുടെ അസോസിയേഷൻ ഉണ്ടാക്കി ഗവൺമെന്റിൽ നിന്നും എന്ത് ആഗ്രഹിക്കുന്നുവോ അത് നേടാൻ സാധിക്കും. അതിനാൽ ഇപ്പോൾ ആരാണോ ഭാരതത്തിന്റെ പേരിനെ മോശമാക്കിയത് അവരുടെ സേവനം ചെയ്യണം. നിങ്ങളുടെ യൂണിയനും വളരെ പക്കയായിരിക്കണം. 10- 12 പേർ ഒരുമിച്ച് ചെന്ന് മനസ്സിലാക്കിക്കൊടുക്കണം. മാതാക്കളും നല്ലതാണ്. ഏതെങ്കിലും പുതിയ യുഗൾസാണെങ്കിൽ, പറയൂ ഞങ്ങൾ പവിത്രമായി ഇരിക്കുന്നു. പവിത്രമായി ഇരിക്കുന്നതിലൂടെയേ വിശ്വത്തിന്റെ അധികാരിയാവൂ. എങ്കിൽ എന്തുകൊണ്ട് പവിത്രമായിക്കൂട. കൂട്ടമായി പോകണം. വളരെ വിനയത്തോടെ ചെന്ന് പറയൂ, ഞങ്ങൾ പരമപിതാ പരമാത്മാവിന്റെ സന്ദേശം നിങ്ങൾക്ക് നൽകാനായി വന്നതാണ്. ഇപ്പോൾ വിനാശം മുന്നിൽ നിൽക്കുന്നുണ്ട്. ബാബ പറയുന്നു ഞാൻ എല്ലാവരുടേയും ഉദ്ധിക്കുന്നതിനായി വന്നതാണ്. നിങ്ങളും ഈ ഒരു ജന്മം വികാരത്തിലേയ്ക്ക് പോകാതിരിക്കൂ. നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും ഞങ്ങൾ ബ്രഹ്മാകുമാരീ കുമാരന്മാർ തന്റെ ശരീരം മനസ്സ് ധനം എന്നിവയിലൂടെ സേവനം ചെയ്യുന്നു. ഞങ്ങൾ ഭിക്ഷ യാചിക്കുന്നില്ല. ഈശ്വരന്റെ കുട്ടികളാണ്. ഇങ്ങനെ ഇങ്ങനെ പദ്ധതികൾ ഉണ്ടാക്കൂ. നിങ്ങളെ സഹായിക്കില്ല എന്നില്ല. ആഹാ ആഹാ എന്ന് പറയുന്ന തരത്തിലുള്ള കർമ്മങ്ങൾ ചെയ്യൂ. സഹായിക്കാൻ ആയിരങ്ങൾ വരും. തന്റെ സംഘടനയുണ്ടാക്കൂ. മുഖ്യമായവരെ തിരഞ്ഞെടുക്കൂ, സെമിനാർ നടത്തൂ. കുട്ടികളെ സംരക്ഷിക്കാനായി ഒരുപാടുപേർ വരും. നിങ്ങൾ ഈശ്വരീയ സേവനത്തിൽ മുഴുകൂ. പെട്ടെന്ന് സേവനത്തിനായി ഇറങ്ങുന്ന തരത്തിൽ വിശാല മനസ്ക്കരാവണം. ഒരു ഭാഗത്ത് ഈ സേവനം പിന്നെ രണ്ടാമത് ഗീതയുടെ കാര്യം, ഈ കാര്യങ്ങൾ ഒരുമിച്ച് എടുക്കൂ. നിങ്ങൾ പഠിക്കുന്നതുതന്നെ ഈ ലക്ഷ്മീ നാരായണനായി മാറാനാണ്. അതിനാൽ ഇവിടെ നിങ്ങൾ കുട്ടികൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകാൻ പാടില്ല. അഥവാ എന്തെങ്കിലും കാര്യം ബാബയിൽ നിന്നും ഒളിച്ചുവെച്ചെങ്കിൽ, സത്യം പറയുന്നില്ലെങ്കിൽ തന്റെ തന്നെ നഷ്ടം ഉണ്ടാക്കുകയാണ് മാത്രമല്ല നൂറുമടങ്ങ് പാപവും വർദ്ധിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) നമ്മൾ മധുരമായ ബാബയുടെ കുട്ടികളാണ്, പരസ്പരം മധുരമായ സഹോദരീ സഹോദരങ്ങളായി കഴിയണം. ഒരിയ്ക്കലും വികാരീ ദൃഷ്ടി ഉണ്ടാകരുത്. ദൃഷ്ടിയിൽ എന്തെങ്കിലും ചഞ്ചലത ഉണ്ടെങ്കിൽ ആത്മീയ സർജനോട് സത്യം പറയണം.

2) ഒരിയ്ക്കലും പരസ്പരം അഭിപ്രായ വ്യത്യാസത്തിലേയ്ക്ക് വരരുത്. വിശാലമനസ്ക്കരായി സേവനം ചെയ്യണം. തന്റെ ശരീരം-മനസ്സ്-ധനം ഉപയോഗിച്ച്, വളരെ വളരെ വിനയത്തോടെ സേവനം ചെയ്ത് എല്ലാവർക്കും ബാബയുടെ പരിചയം(സന്ദേശം) നൽകണം.

**വരദാനം– ഓരോ കർമവും ചരിത്രത്തിന്റെ രൂപത്തിൽ മഹിമായോഗ്യമാക്കുന്നവരായ മഹാത്മാവായി ഭവിക്കട്ടെ**

മഹാത്മാവ് അവരാണ് ആരുടെയാണോ ഓരോ സങ്കൽപവും ഓരോ കർമവും മഹത്തായത്. ഒരു സങ്കൽപവും സാധാരണമോ വ്യർത്ഥമോആകരുത്. ഒരു കർമവും സാധാരണമോ അർത്ഥശൂന്യമോ ആകരുത്. കർമേന്ദ്രിയങ്ങളിലൂടെ ഏതൊരു കർമം ചെയ്താലും അർത്ഥസഹിതമാകണം, സമയവും മഹത്തായ കാര്യത്തിൽ സഫലമായിക്കൊണ്ടിരിക്കട്ടെ, അപ്പോൾ ഓരോ ചരിത്രവും മഹിമായോഗ്യമാകും. മഹാത്മാക്കളുടെ തന്നെയാണ് ഓർമചിഹ്നം ഹർഷിതമൂർത്തി, ആകർഷകമൂർത്തി, അവ്യക്ത മൂർത്തിയുടെ രൂപത്തിലുള്ളത്.

**സ്ലോഗൻ– ബഹുമാനത്തിന്റെ ഇച്ഛ വിട്ട് സ്വമാനത്തിൽ ഉറയ്ക്കൂ എങ്കിൽ ബഹുമാനം നിഴൽ പോലെ പിന്നാലെ വരും.**

**അവ്യക്തസൂചന – സ്വയത്തെയും സർവരെയും പ്രതി മനസാ യോഗത്തിന്റെ ശക്തികളെ പ്രയോഗത്തിൽ കൊണ്ടുവരൂ.**

ഏതൊരു സ്ഥൂല കാര്യംചെയ്തുകൊണ്ടും മനസാ വൈബ്രേഷന് പരത്തുവാനുള്ള സേവനം ചെയ്യൂ. ഏതെങ്കിലും ബിസിനസുകാർ, സ്വപ്നത്തിൽ പോലും തന്റെ ബിസിനസ് കാണുമ്പോൾ ചെയ്യാറുള്ളത് പോലെ. ഇങ്ങനെ താങ്കളുടെ ജോലിയാണ്– വിശ്വമംഗളം ചെയ്യുക. ഇതാണ് താങ്കളുടെ കർത്തവ്യം , ഈ കർത്തവ്യത്തെ സ്മൃതിയിൽ വെച്ച് സദാ സേവനത്തിൽ ബിസിയായിരിക്കൂ. അഥവാ സേവനത്തിന്റെ ഫലം ലഭിക്കുകയാണെങ്കിൽ മായാജീത്ത് സഹജമായി ആയിത്തീരും. അതിനാൽ എപ്പോൾ ബുദ്ധിക്ക് സമയം ലഭിക്കുന്നുവോ അപ്പോൾ സേവനത്തിൽ മുഴുകൂ.